LIBRARY ARCHIVES Kerala Legislative Assembly

പട്ടിക വിഭാഗങ്ങൾക്കുള്ള സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

18(3724) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനത്തെ എത്ര കോളനികളിൽ പട്ടിക വിഭാഗങ്ങൾക്കുള്ള സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതിനായി എത്ര തുക ചെലവായെന്ന് വെളിപ്പെടുത്താമോ?

445 പട്ടികജാതി കോളനികളിൽ പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലേയ്ക്കായി ആകെ 172,68,02,605 രൂപ (നൂറ്റി എഴുപത്തി രണ്ട് കോടി അറുപത്തി എട്ട് ലക്ഷത്തി രണ്ടായിരത്തി അറുനൂറ്റി അഞ്ച് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. കോളനികളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു. 94 പട്ടികവർഗ്ഗ കോളനികളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേയ്ക്ക് 39,81,19,318 രൂപ (മുപ്പത്തി ഒൻപത് കോടി എൺപത്തിയൊന്ന് ലക്ഷത്തി പത്തൊൻപതിനായിരത്തി മൂന്നൂറ്റി പതിനെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. കോളനികളുടെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

ജില്ല	കോളനികളുടെ എണ്ണം
തിരുവനന്തപുരം	6
കൊല്ലം	4
പത്തനംതിട്ട	2
കോട്ടയം	1
ഇടുക്കി	11
എറണാകുളം	3
തൃശ്ശൂർ	3
പാലക്കാട്	12
മലപ്പുറം	2
കോഴിക്കോട്	6
വയനാട്	19
കണ്ണൂർ	17
കാസർഗോഡ്	8

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പദ്ധതി പ്രകാരം അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതൊക്കെ കോളനികൾക്കാണ് ഫണ്ടനുവദിച്ചതെന്ന് കോളനിയുടെ പേരും തുകയും വർഷവും തിരിച്ച് വ്യക്തമാക്കാമോ?

മേൽ പദ്ധതികളിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

(സി) ഓരോ കോളനിയിലും നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ; ഇവയുടെ നിർമ്മാണച്ചുമതല ഏതൊക്കെ ഏജൻസികൾക്കായിരുന്നുവെന്ന് വ്യക്തമാക്കാമോ;

&

(ഡി) നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നത് ഏതൊക്കെ കോളനികളിലാണ്; പൂർത്തിയാകാത്തതിന് കാരണം എന്താണ്; ഇവ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്?

ബാധകമല്ല.

മണലൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനം

19 (3725) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മണലൂർ ഇറിഗേഷൻ കോളനി, കരിക്കൊടി കോളനി എന്നീ പട്ടികജാതി കോളനികളുടെ വികസനത്തിനായി ഓരോ കോളനിക്കും എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് അറിയിക്കാമോ?

മണലൂർ ഇറിഗേഷൻ കോളനിക്ക് 49,64,728 രൂപയും കരിക്കൊടി കോളനിക്ക് 36,20,353 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഓരോ കോളനിയിലും നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

&

(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly